**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 391** **16-09-2025 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ കുടുംബങ്ങളെ സാധാരണ നിലയിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശാസ്ത്രീയമായി കണ്ടെത്തിയ അതിദാരിദ്ര്യ പട്ടികയിലെ കുടുംബങ്ങളെ സാധാരണ നിലയിലാക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഇന്ത്യയിലെ അതിദാരിദ്ര്യമില്ലാത്ത ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി ആരംഭിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ 2023 നവംബർ 1-ന് പൂർത്തിയായിരുന്നു. 'കേരളീയം' പരിപാടിയിൽ വച്ച്, ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 30658 (47.89 %) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഏറ്റവും അത്യാവശ്യവും ഒഴിച്ച് കൂടാനാവാത്തതുമായ ഭക്ഷണം, ആരോഗ്യ പരിരക്ഷ എന്നിവയ്ക്കാണ് ആദ്യ വർഷം ഊന്നൽ കൊടുത്തത്. കൂടാതെ, 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി 21263 അവകാശ രേഖകളും (വോട്ടർ ഐഡി, ആധാർകാർഡ്, റേഷൻകാർഡ്, ഹെൽത്ത് ഇൻഷുറൻസ്, ഭിന്നശേഷികാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽകാർഡ് മുതലായവ) അടിയന്തിര സേവനങ്ങളും നൽകുന്നതിനുള്ള നടപടികളും പൂർത്തിയാക്കിയിരുന്നു. തദ്ദേശ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനം വഴി ഭക്ഷണം, ആരോഗ്യം എന്നീ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്ക് തുടർച്ചയായി തടസ്സമില്ലാത്ത ഭക്ഷണവും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്നുണ്ട്. ബാക്കിയുള്ള കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാനുള്ള സജീവ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. നിലവിലെ കണക്കുകൾ പ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 53027 കുടുംബങ്ങളെ (83%) നാളിതു വരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇനി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിയ്ക്കുവാനുള്ള 2812 കുടുംബങ്ങളെ 2025 ഒക്ടോബർ 31-നകം അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു |

| | | | |
|---|---|---|---|
| | | | വരുന്നത്. ഇതിൽ ഏറിയ പങ്കം സുരക്ഷിതമായ വാസസ്ഥലം (വസ്തുവും വീടും, വീട് മാത്രം, നിലവിലെ വീടുകളുടെ പുനരുദ്ധാരണം) എന്നിവ ആവശ്യമുള്ള വരാണ്. നാളിത് വരെ വീട് മാത്രം ആവശ്യമുള്ള 3773 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി, അവരുടെ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വസ്തുവും വീടും ആവശ്യമുള്ള 1253 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുംബങ്ങൾക്ക് വർദ്ധിപ്പിച്ച ആനുകൂല്യം നൽകുകയും 5144 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം / വസ്തുവും വീടും, ലഭിയ്ക്കുവാൻ അർഹതയുള്ള കുടുംബങ്ങളിൽ വാടക വീടുകളിൽ താമസിയ്ക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ച 610 കുടുംബങ്ങളെ വാടക വീടുകളിൽ മാറ്റി പാർപ്പിച്ചിട്ടുമുണ്ട്. വരുമാനം ക്ലേശ ഘടകമായ 4395 കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം നല്കാനും സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പട്ടികയിൽ നിന്ന് എത്ര കുടുംബങ്ങളെ അതിദാരിദ്യത്തിൽ നിന്ന് മോചിപ്പിച്ച് സാധാരണ നിലയിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് ആകമാനം കണ്ടെത്തിയ 64006 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലൂടെ നടന്നുവരുന്നത്. ഇതിൽ 53027 കുടുംബങ്ങളെ (83%) നാളിതു വരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇനി അതി ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിയ്ക്കുവാനുള്ള 2812 കുടുംബങ്ങളെ 2025 ഒക്ടോബർ 31-നകം അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ